## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3105 — 13.07.2015 ന് മറുപടിയ്ക്ക്.

## ടി.എസ്.ആർ.സുബ്രഹ്മണ്യം കമ്മറ്റി - സംസ്ഥാനത്തിന്റെ നിലപാടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എം.ഷാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശുപാർശകളിന്മേൽ സർക്കാർ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ; | (എ) കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങൾ പരിശോധിച്ച് അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ പാകത്തിൽ ഭേദഗതികൾ ശുപാർശ ചെയ്യാൻ മുൻ ക്യാബിനറ്റ് സെക്രട്ടറി ശ്രീ.റ്റി.എസ്.ആർ. സുബ്രഹ്മണ്യത്തിന്റെ അദ്ധ്യക്ഷതയിൽ 29.08.2014-ൽ രൂപീകരിച്ച കമ്മിറ്റി ശുപാർശകൾ കേന്ദ്ര സർക്കാരിന് 2014 നവംബറിൽ സമർപ്പിച്ചു. ഈ ശുപരാർശകളിന്മേൽ സർക്കാർ പ്രാഥമിക അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്നും അതിനുള്ള കാരണങ്ങളെന്താണെന്നും വിശദമാക്കുമോ ; | (ബി) കമ്മിറ്റിയുടെ ശുപാർശകളിൽ വന്യജീവി സങ്കേതങ്ങളിലും, 70 ശതമാനത്തിലധികം വൃക്ഷമേലാപ്പുള്ള വനങ്ങളിലും പ്രവേശന നിഷേധ മേഖലകൾ (no go areas) രൂപീകരിക്കുവാനുള്ള ശുപാർശയും, ആദിവാസി മേഖലയിലെ വനഭൂമി വനേതരാവശ്യങ്ങൾക്കു കൈമാറുന്നതിന് മുൻപ് ആദിവാസി ഗ്രാമസഭകളുടെ അംഗീകാരം വേണമെന്നുമുള്ള നിബന്ധന ഒഴിവാക്കാനുള്ള ശുപാർശയും ആദിവാസികളെ ദോഷകരമായി ബാധിക്കുമെന്ന് കേരള സർക്കാർ വനം മന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ അംഗീകരിച്ചുകിട്ടാൻ എന്തൊക്കെ പ്രായോഗിക നിലപാടുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) കേരള സർക്കാരിന്റെ പ്രാഥമിക നിലപാടുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ